# Desabhimani

# 31 August 2018

# Thiruvananthapuram, After Flood, Accurate Rescue Operation



## കൃത്യമായ രക്ഷാപ്രവർത്തനം ആളപായം കുറച്ചു: സുരേഷ് കുറുപ്പ്

**തിരുവനന്തപുരം**

കൃത്യമായ രക്ഷാപ്രവർത്തനമാണ് പ്രളയക്കെടുതിയിൽ ആളപായം കുറച്ചതെന്ന് കെ സുരേഷ് കുറുപ്പ് നിയമസഭയിൽ പറഞ്ഞു. കേരളം മുങ്ങിപ്പോകുന്ന സ്ഥിതിയായിരുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് നാലിരട്ടി മഴയാണ് ഇത്തവണയുണ്ടായത്. എന്നിട്ടും കേന്ദ്ര ജലകമീഷൻ ഒരു നടപടിയുമെടുത്തില്ല. ഈ പരിമിതികൾക്കുള്ളിൽനിന്നാണ് സംസ്ഥാനം അഭൂതപൂർവമായ രക്ഷാപ്രവർത്തനം ഏറ്റെടുത്തത്. സർക്കാർ ഏകോപനം രക്ഷാപ്രവർത്തനത്തെ കാര്യക്ഷമമാക്കി. ഈ ഒരുമ പുതിയ കേരളം കെട്ടിപ്പടുക്കുന്നതിലുമുണ്ടാകണം. ദുരന്തത്തിൽനിന്ന് പല പാഠങ്ങളുമുണ്ട്. അനധികൃത ക്വാറികൾ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും സുരേഷ് കുറുപ്പ് പറഞ്ഞു.